പ്രവർത്തനം നടക്കുന്നുണ്ടോ, നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ, എന്നീ കാര്യങ്ങളും അറിയിക്കണം. ഇത്തരം കാര്യങ്ങളിൽ ഈ സഭയെ ഒരു കുതിര സവാരിക്കാരനെപ്പോലെ–ഗവൺമെന്റ് പലപ്പോഴും സഭയോട് കാണിക്കുന്ന അനാദരവിന്റെ പ്രശ്നമുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ ഒരു റൂളിംഗും ആവശ്യമാണ്. ഇതാണ് ഈ സഭയുടെ മുമ്പിൽ എനിക്ക് കൊണ്ടുവരാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, സർവ്വകലാശാല ഏകീകൃതനിയമം ഗവൺമെന്റ് പിൻവലിച്ചിട്ടില്ല. അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. സെലക്ട് കമ്മിററിയുടെ പരിഗണനയിലിരിക്കുകയാണ്. ഒരു അഭിപ്രായസമന്വയം ഉണ്ടാക്കുകയെന്നുള്ള ഒരു സമീപനമാണ് എടുത്തിരിക്കുന്നത്. അതിന്റെ തെളിവെടുപ്പിനായി ഒരുപാട് സിററിംഗ് സംസ്ഥാനത്തിനകത്തും പുറത്തുമൊക്കെ നടത്തുകയുണ്ടായി. തെളിവെടുപ്പുവേളയിൽ ചില വ്യവസ്ഥകളോട് വളരെ അനുകൂലമായും ചില വ്യവസ്ഥകളോട് വളരെ എതിർപ്പായും പ്രതികരണങ്ങളുണ്ടായി. അതുകൊണ്ടുതന്നെ അത് സെലക്ററ് കമ്മിററിയുടെ പരിഗണനയിലിരിക്കുകയാണ്. അതിൽ ഒരു അഭിപ്രായസമന്വയം ഉണ്ടാക്കാൻ കഴിയുമോ എന്നുള്ളതാണ് പ്രശ്നം. അങ്ങനെ ഒരു അഭിപ്രായസമന്വയം ഉണ്ടാകുന്നതിനനുസരിച്ചായിരിക്കും ഈ ബില്ലിന്റെ ഭാവി.

## റൂളിംഗ്

മി. സ്പീക്കർ: ടെക്നിക്കലായിട്ട് ഒരു കാര്യമുണ്ട്. നമ്മുടെ റൂം അനുസരിച്ച് സെലക്ററ് കമ്മിററി റിപ്പോർട്ടിന് അയച്ചുകഴിഞ്ഞാൽ 3 മാസത്തെ കാലാവധിയാണ് തീരുമാനിച്ചിട്ടുള്ളത്. സെലക്ററ് കമ്മിററി റിപ്പോർട്ട് 3 മാസംകൊണ്ട് തീരില്ലെങ്കിൽ കൺസേൺഡ് മിനിസ്ററർ സഭയിൽ എക്സ്ററൻഷൻ ചോദിക്കും. കമ്മിററിയുടെ റിപ്പോർട്ട് അവതരിപ്പിക്കാനുള്ള സമയം നീട്ടികിട്ടണമെന്നുപറഞ്ഞു. റിക്വസ്ററ് തരുണ ഒരു ചുമതലയുണ്ട്. അങ്ങനെയൊന്ന് നടന്നിട്ടില്ല.

ശ്രീ. സി.കെ. ചന്ദ്രപ്പൻ: അങ്ങനെ ഒന്ന് നടന്നിട്ടില്ല. അതാണ് ഞാൻ പറഞ്ഞത് ഗവൺമെന്റ് സഭയുടെ അവകാശം ലംഘിക്കുകയാണെന്ന്.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: ഞാൻ ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ഒരു റിക്വസ്ററിന് പ്രസക്തിയുണ്ട്.

മി. സ്പീക്കർ: ഒരു റിക്വസ്ററ് തരണം. അപ്പോൾ കാലാവധി നീട്ടിക്കിട്ടുന്നതാണ്.

ശ്രീ. ബേബിജോൺ: ഗവർണ്ണറുടെ അസുഖത്തെ സംബന്ധിച്ച് അറിയാമോ? ഇപ്പോൾ പറഞ്ഞുകേട്ടു അദ്ദേഹത്തെ ഡൽഹിക്ക് കൊണ്ടുപോകാൻ പോകുന്നു എന്ന്.

# VII. പ്രസ്താവന

## കുളിമുറിയിൽ കാൽ വഴുതി വീണ ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആരോഗ്യനിലയെ സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ, ഗവർണ്ണറുടെ വീഴ്ചയെക്കുറിച്ചുള്ള വിവരം ലഭിച്ച ഉടനെതന്നെ ഞാനും എന്റെ സഹപ്രവർത്തകരും മെഡിക്കൽകോളേജിൽ എത്തി. കേരളത്തിലുള്ള പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly